"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട്, വടക്കുമ്പാട് ഹയർ സെക്കൻഡറി സ്കൂളിലെ എഫ്.റ്റി.എം ശ്രീമതി ദീപ സി.പി.യുടെ നിയമനാംഗീകാരം - സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.970/2026/GEDN തീയതി,തിരുവനന്തപുരം, 02-02-2026

---

പരാമർശം:-
1. മാനേജരുടെ 10.12.2024 തീയതിയിലെ റിവിഷൻ ഹർജി
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13/03/2025, 06/05/2025, 15/01/2026 എന്നീ തീയതികളിലെ ഇഎം6/3710/2025/ഡിജിഇ നമ്പർ റിപ്പോർട്ടുകൾ.

**ഉത്തരവ്**

കോഴിക്കോട്, വടക്കുമ്പാട് ഹയർ സെക്കൻഡറി സ്കൂളിലെ ശ്രീമതി ദീപ സി.പി.യുടെ 28.10.2021 മുതൽ 31.10.2023 വരെ താത്ക്കാലിക എഫ്.ടി.എം ആയി നല്കിയ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കുന്നത് സംബന്ധിച്ച് പ്രസ്തുത സ്കൂൾ മാനേജർ റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു.

2. വടക്കുമ്പാട് എച്ച്.എസ്.എസിലെ എഫ്.ടി.സി.എം ആയ ശ്രീ.സുജേഷ്.എം. 28/10/2021 മുതൽ 31/10/2023 വരെ പഠനാവശ്യത്തിനായി ശൂന്യവേതനാവധിയിൽ പ്രവേശിച്ച ഒഴിവിൽ, ശ്രീമതി.ദീപ.സി.പിയെ 28/10/2021 മുതൽ 31/10/2023 വരെ മാനേജർ നിയമിക്കുകയും അനുബന്ധ രേഖകൾ സമർപ്പിക്കാത്തതിനാലും ഒരു അക്കാദമിക് വർഷത്തിലധികം കാലയളവിലുള്ള അവധി ഒഴിവുകൾ സംരക്ഷിത ജീവനക്കാരെക്കൊണ്ട് നികത്താത്തതിനാലും ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച് ഉത്തരവായിരുന്നു. ഇതിനെതിരെ മാനേജർ പൊവി ഡയറക്ടർ മുമ്പാകെ സമർപ്പിച്ച റിവിഷൻ അപ്പീൽ നിരസിക്കപ്പെട്ടു.

3. ഒരു അക്കാദമിക് വർഷത്തിലധികം കാലയളവിലുള്ള അവധി ഒഴിവുകൾ സംരക്ഷിത ജീവനക്കാരെ കൊണ്ട് നികത്താത്തതിനാലും പ്രസ്തുത ഒഴിവിൽ സംരക്ഷിത ജീവനക്കാരെ

ലഭ്യമല്ലെങ്കിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുമതിയോടെ ദിവസ വേതനാടിസ്ഥാനത്തിൽ മാത്രമേ നിയമനം നടത്തുവാൻ പാടുള്ളുവെന്നതിനാലും ശ്രീമതി.ദീപ.സി.പിയുടെ 28/10/2021 മുതൽ 31/10/2023 വരെയുള്ള എഫ്. ടി. എം തസ്തികയിലെ നിയമനം ശമ്പള സ്കെയിലിലായതിനാലും അപ്പീൽ പരിഗണിക്കാനാവില്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. 2019-20 വർഷത്തെ സംരക്ഷിത ജീവനക്കാരുടെ ലിസ്റ്റിൽ ഉൾപ്പെട്ട എഫ്.ടി.എം ജീവനക്കാരെ പുനർ വിന്യസിച്ചിട്ടുണ്ട്. 2021-22 അധ്യയന വർഷം കോവിഡ് ആയതിനാൽ തസ്തിക പുനർനിർണയം നടത്തുകയോ അധ്യാപക ബാങ്ക് പരിഷ്കരിക്കുകയോ ചെയ്തിട്ടില്ല. കൂടാതെ, 2022-23 വർഷത്തെ അധ്യാപക ബാങ്ക് പരിശോധിച്ചതിൽ എഫ്.ടി.എം തസ്തികയിൽ 5 സംരക്ഷിത ജീവനക്കാർ ഉൾപ്പെട്ടതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഒരു അക്കാദമിക് വർഷത്തിലധികം കാലയളവിലുള്ള അവധി ഒഴിവുകൾ സംരക്ഷിത ജീവനക്കാരെ കൊണ്ട് നികത്താത്തതിനാൽ വടക്കുമ്പാട് ഹയർ സെക്കന്ററി സ്കൂളിലെ എഫ്.ടി.എം ആയ ശ്രീമതി.ദീപ സി. പി. യുടെ 28/10/2021 മുതൽ 31/10/2023 വരെയുള്ള എഫ്.ടി.എം. തസ്തികയിലെ താത്ക്കാലിക നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ചു നൽകണമെന്ന ആവശ്യം നിരസിച്ച് അപ്രകാരം മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUNITHA S GEORGE

അണ്ടർ സെക്രട്ടറി

മാനേജർ, വടക്കുമ്പാട് ഹയർ സെക്കൻഡറി സ്കൂൾ, പാലേരി, പാലേരി ടൗൺ പി.ഒ.,

കോഴിക്കോട്-673 508

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 04-02-2026 10:56:02

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.